**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - അന്താരാഷ്ട്ര ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവൽ, ഹൈദ്രാബാദ് - ലിറ്റിൽ ഡയറക്ടേഴ്സ് വിഭാഗത്തിൽ ജൂറിയുടെ പ്രത്യേക പരാമർശം ലഭിച്ച മലയാള ചിത്രങ്ങളുടെ തിരക്കഥയും സംവിധാനവും നിർവ്വഹിച്ച കുട്ടികൾക്ക് ക്യാഷ് അവാർഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യക്ഷേമ (ബി) വകുപ്പ്**

സ.ഉ(സാധാ) നം. 100/2012/സാക്ഷേവ                തീയതി, തിരുവനന്തപുരം, 22.02.2012

---

പരാമർശം:1) **21.12.2012** ലെ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 542/പി1/2010/കെഎസ്എസ്എം(1) നം. കത്ത്.

2) 4/2/2012 ലെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ എഫ്2/33147/11 നമ്പർ കത്ത്.

**ഉത്തരവ്**

വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ, സ്ത്രീധനം എന്ന വിപത്ത്, ബാലഭിക്ഷാടനം, ആൺകുട്ടികൾ-പെൺകുട്ടികൾ തമ്മിലുള്ള വേർതിരിവ്, എയ്ഡ്സ് ബാധിതരോടുള്ള വിവേചനം എന്നീ സാമൂഹിക വിപത്തുകൾക്കെതിരെ മനുഷ്യ മനസ്സാക്ഷിയെ ഉണർത്തുക എന്ന ലക്ഷ്യത്തോടുകൂടി വിദ്യാസമ്പന്നരായ 25 പെൺകുട്ടികൾക്ക് പരിശീലനം നൽകി നിർമ്മിച്ച സിനിമയാണ് '25 പെൺകുട്ടികൾ'. അവരിൽ നിന്ന് തന്നെ കഥകൾ ശേഖരിച്ച് അവരെക്കൊണ്ട് തന്നെ ഡബ്ബിംഗ്, സംവിധാനം, എഡിറ്റിംഗ് എന്നിവ ചെയ്യിപ്പിക്കുകയാണ് ഉണ്ടായത്. ഈ സിനിമയിൽ അഭിനയിച്ചിരിക്കുന്നതും ഇവർ തന്നെയാണ്.

2. 2010 സിഡംബർ 28 മുതൽ 31 വരെ പരിശീലനം നൽകി ചിത്രീകരിച്ച് ഡോക്യുമെന്ററിയിൽ പങ്കാളികളായിട്ടുള്ള 25 കുട്ടികളിൽ 8 പേർ കോഴിക്കോട് ജുവനൈൽ ഹോമിൽ നിന്നും 3 പേർ കോഴിക്കോട് ആഫ്റ്റർ കെയർ ഹോമിൽ നിന്നും 2 പേർ ശ്രീ ചിത്രാഹോമിൽ നിന്നും ഉള്ളവരാണ്.

3. '25 പെൺകുട്ടികൾ' എന്ന പേരിൽ നിർമ്മിച്ച ഡോക്യുമെന്ററിയിൽ തുല്യം, നിഷാദം, ധനം, പുണ്യം, തളിര് എന്നീ അഞ്ച് ഭാഗങ്ങളാണ് ഉള്ളത്. ഇതിൽ തുല്യം, നിഷാദം, ധനം, എന്നീ മൂന്ന് ഭാഗങ്ങൾ 2011 നവംബർ 14 മുതൽ 20 വരെ തീയതികളിലായി ഹൈദ്രാബാദിൽ വച്ച് നടന്ന അന്തർദേശീയ ഫിലിം ഫെസ്റ്റിവലിൽ പ്രദർശന യോഗ്യത നേടുകയും, പ്രസ്തുത ഡോക്യുമെന്റി, ജൂറിയുടെ പ്രത്യേക പരാമർശത്തിന് വിധേയമാകുകയും ഉണ്ടായി. ഈ ഡോക്യുമെന്റിയുടെ ചിത്രീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച താഴെപ്പറയുന്ന 25 പെൺകുട്ടികൾക്ക് പ്രോത്സാഹനം എന്ന നിലയിൽ 10,000/- രൂപ വീതം ക്യാഷ് അവാർഡ് നൽകി ഇതിനാൽ ഉത്തരവാകുന്നു.

1. ഷഹർബാന
2. ദുർഗ്ഗ
3. ലക്ഷ്മി

ആഫ്റ്റർ കെയർ ഹോം കോഴിക്കോട്

4. അഞ്ജുമോൾ
5. ആതിര
6. അശ്വതി
7. ആരതി
8. രാജി
9. സന്ധ്യ
10. അജിത
11. സുനിത

ഗവ. ജുവനൈൽ ഹോം കോഴിക്കോട്

12. ജിൻസി. എ.ബി
13. അനഘ.ബി

ശ്രീചിത്രാ ഹോം, തിരുവനന്തപുരം.

14. ലിയ എലിസബത്ത്
15. ജ്വാല പരമേശ്വർ
16. ബിസ്മി എം.എസ്
17. ഹിമചന്ദ്രൻ
18. ഐശ്വര്യരാജ്
19. ആസ്മി
20. വിഷ്ണുപ്രിയ
21. യാസ്മി റിജുവന ഫാത്തിമ
22. ദേവിക എസ്.വിശാൽ
23. പല്ലവി ഗോപൻ
24. നന്ദന ശങ്കർ
25. ശിൽപ്പ

3. ഇതിനാവശ്യമായ 2,50,000/- രൂപ സാമൂഹ്യക്ഷേമ വകുപ്പിന്റെ ജെന്റർ അവയർനെസ് പ്രോഗ്രാമിനു വേണ്ടിയുള്ള ബഡ്ജറ്റ് ശീർഷകത്തിൽ (2235-02-103-90-(01)) നിന്നും അനുവദിച്ച് സാമൂഹ്യസുരക്ഷാ മിഷന്റെ പേരിൽ തിരുവനന്തപുരത്തെ ജില്ലാ ട്രഷറിയിലുള്ള ടിഎസ്ബി അക്കൗണ്ട് നം. 15146 ൽ അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇതിനാവശ്യമായ നടപടികൾ സാമൂഹ്യക്ഷേമ ഡയറക്ടർ കൈക്കൊള്ളേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

വി.എസ്.ഗോവിന്ദൻ നമ്പൂതിരി
അഡീഷണൽ സെക്രട്ടറി

സാമൂഹ്യ ക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയകറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്

ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.
പകർപ്പ് : സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
സാമൂഹ്യക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
സാമൂഹ്യക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ